## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.16-ന് രാവിലെ 11 മണിക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെനിയമസഭാ കോംപ്ലക്സിലെ ചേമ്പറിൽ വച്ചു നടന്ന യോഗ നടപടിക്കുറിപ്പ്.

### പൊതു വിഷയങ്ങൾ

1 2016-17 -ലെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭ, വാർഡ് സഭ യോഗങ്ങൾ ചേർന്ന് നവംബർ 15നകം ഗുണഭോക്തൃ പട്ടിക തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.

2 2016-17 -ലെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നവംബർ 15 നകം ലഭ്യമാക്കണം.

3 വ്യക്തിഗത ഗുണഭോക്തൃ പട്ടിക നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതും, അംഗീകരിച്ച നിർമ്മാണ പ്രവൃത്തികൾക്ക് സമയപരിധിക്കകം സാങ്കേതിക അനുമതി ലഭിക്കുന്നതും പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ചും ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, ജില്ലാ കളക്ടർ കൺവീനറായും, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായുള്ള ജില്ലാ തല കമ്മിറ്റി രൂപീകരിച്ച് ഓരോ ആഴ്ചയിലും മോണിറ്റർ ചെയ്യേണ്ടതാണ്. മാസത്തിൽ ഒരു തവണ ബ്ലോക്കടിസ്ഥാനത്തിൽ അവലോകനം നടത്തേണ്ടതാണ്.

4 ലോകബാങ്ക് വിഹിതം 2016-17 വർഷം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകയുള്ള പ്രോജക്ടുകൾ രൂപീകരണത്തിന് സുലേഖ സോഫ്റ്റ് വെയറിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തുവാൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി. ആയവയുടെ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങുന്നതിലേയ്ക്കായുള്ള അവസാന തീയതി 15.11.2016 ആയിരിക്കും.

5 പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ടുകൾ അംഗീകാരം നൽകാതെ തിരിച്ച് അയയ്ക്കുകയാണെങ്കിൽ പ്രസ്തുത പ്രോജക്ടിൽ വേണ്ട തിരുത്തൽ വരുത്തി സമർപ്പിക്കുകയോ modified പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യുക. ഈ സന്ദർഭത്തിൽ അംഗീകാരം ലഭിച്ച മറ്റു പ്രോജക്ടുകളിൽ ഭേദഗതി വരുത്താൻ പാടില്ല.

### 3. പ്രത്യേക വിഷയങ്ങൾ

**3.1** ചെമ്പിലോട് ഗ്രമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.09.2016-ലെ കത്ത് ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ 2007-08-ൽ പ്രവർത്തനം ആരംഭിച്ച പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് റീസൈക്ലിംഗ് പ്രവൃത്തി ചെയ്യുന്ന യൂണിറ്റിലെ മൂന്ന് വാളണ്ടിയർമാർക്ക് 2016-17 -ൽ പ്രതിമാസം 6000 രൂപ നിരക്കിൽ 18000 രൂപ ഓണറേറിയം നൽകാനും വാഹനത്തിന്റെ പ്രവർത്തന ചെലവിനായി 150000 രൂപയും ഉൾപ്പെടെ ആകെ 360000 രൂപ വകയിരുത്തി തനത് ഫണ്ടിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി- സംബന്ധിച്ച്

അംഗീകരിച്ചു.

(നടപടി.തദ്ദേശസ്വയംഭരണ(ഡി.സി.) വകുപ്പ്)

**3.2 പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.09.2016-ലെ കത്ത് -** പരപ്പ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച ഗ്രാമ ന്യായാലയം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തി ഗ്രാമ ന്യായാലയത്തിന് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് പ്രോജക്ട് ഏറ്റെടുക്കാനുള്ള അനുമതി സംബന്ധിച്ച്

തീരുമാനം മാറ്റി വച്ചു.

(നടപടി.തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്)

**3.3 പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.09.2016-ലെ കത്ത് - പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പനത്തടി സി.എച്ച്.സി.യിൽ പുതുതായി ഒരു ദന്ത ഡോക്ടറുടെ സേവനം ലഭ്യമായിട്ടുണ്ട്. ദന്ത രോഗങ്ങൾ പരിശോധിക്കുന്നതിന് പര്യാപ്തമായ ഫർണിച്ചർ വാങ്ങി സ്ഥാപിക്കുന്നതിന് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും രണ്ട് ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി.തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്)

**3.4 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2016-ലെ കത്ത്. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട രണ്ട് പട്ടികജാതി കോളനിയിലെ എല്ലാ വീടുകളിലും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് അനുമതി-സംബന്ധിച്ച്**

ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി.തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്)

**3.5 കൊണ്ടോട്ടി നഗരസഭ ചെയർമാന്റെ 29.09.2016-ലെ കത്ത് - കൊണ്ടോട്ടി നഗരസഭാ പരിധിയിൽ ബി.പി.എൽ, ജനറൽ, എസ്.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിന് നഗരസഭ തനത് ഫണ്ടിൽ നിന്നും 4500000 ബാങ്ക് വായ്പയായി 12500000 എസ്.സി.പി. വികസനഫണ്ട് 30,00,000 എന്നിവ ഉൾപ്പെടുത്തി ഭവന പദ്ധതി ഏറ്റെടുക്കുന്നതിന് അനുമതി സംബന്ധിച്ച്** പാർപ്പിട മിഷൻ രൂപീകരിക്കുന്ന സാഹചര്യത്തിൽ തത്ക്കാലം ഇതിന് അനുമതി നൽകുന്നില്ല.

(നടപടി.തദ്ദേശസ്വയംഭരണ(ഡിസി.) വകുപ്പ്)

**3.6 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2016-ലെ കത്ത് - ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 41 വനിത കർഷകർക്ക് എസ്.സി.പി.യിൽ ഓരോ പശുവീതം നൽകുന്നതിന് 820000 രൂപ വകയിരുത്തി പ്രോജക്ട് വ്യക്തിഗതമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി - സംബന്ധിച്ച്**

അനുവദിക്കുന്നു. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കണം.

(നടപടി.തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്)

**3.7 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 22.08.2016-ലെ കത്ത് - കിഡ്നി രോഗികൾക്കുള്ള ചികിത്സയ്ക്ക് ജില്ലാതല പദ്ധതി ഏറ്റെടുക്കുന്നതിനും ആയതിന് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും, കോർപ്പറേഷനുകളിൽ നിന്നും വിഹിതം സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനുവേണ്ടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും വിഹിതം വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾക്ക് അനുവാദം നൽകുന്നതിന് പ്രത്യേക അനുമതി - സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്

**3.8 മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2016-ലെ കത്ത് - മങ്കട ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ സാമ്പത്തികായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്താക്കളുടെ സമിതിയെ ഏൽപ്പിച്ചു നടത്തുന്ന ഞാറക്കാട് കുടിവെള്ള പദ്ധതി, കൂട്ടിൽ ആലുംകുന്ന് കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്

**3.9 കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 01.10.2016 ലെ കത്ത് വാസ്തുപൈതൃകത്തിന്റെ അവശേഷിപ്പുകളുള്ള ജഡ്ജിബംഗ്ലാവിലാണ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ പൈതൃകം നിലനിർത്തിക്കൊണ്ട് നവീകരണ പ്രവൃത്തി ചെയ്യുന്നതിനായി 2 കോടി രൂപ തനത് ഫണ്ടിൽ നിന്ന് വകയിരുത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി സംബന്ധിച്ച്**

വിശദമായ പ്രോജക്ട് സമർപ്പിക്കുവാൻ ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**3.10 കൊടുവള്ളി മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർമാന്റെ 05.09.2016 ലെ കത്ത്-**
**കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിന് തൃശ്ശൂർ ആടാട്ട് ഗ്രാമപഞ്ചായത്ത് മാതൃകയിൽ തെരുവുവിളക്ക് പരിപാലനം**

**നടത്തുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ജീവനക്കാരെ ഏർപ്പാട് ചെയ്യുന്നതിനും തനത് ഫണ്ടിൽ നിന്നും അവരുടെ ദിവസവേതനം നല്കുന്നതിനും അനുമതി സംബന്ധിച്ച്**

കെ.എസ്.ഇ.ബി.യുടെ അംഗീകാരത്തോടെ അനുമതി നൽകുന്നതിന് തീരുമാനിച്ചു.

(നടപടി .തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്)

**3.11 കൊടുവള്ളി മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർമാന്റെ 05.09.2016 ലെ കത്ത്-**

**വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 23 വാർഡുകളെ, കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 36 വാർഡുകളായി മാറ്റിയതിനാൽ, അതനുസരിച്ച് കെട്ടിടനമ്പർ ഇടാനും ഡാറ്റാ എൻട്രി നടത്താനും അനുവാദത്തിനും ആയതിന് തനത് ഫണ്ടിൽ നിന്നും ചിലവ് വഹിക്കുന്ന തിനും അനുമതി സംബന്ധിച്ച്**

അംഗീകരിക്കുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി വകുപ്പ്

**3.12 കേരള ഗവ. കോൺട്രാക്ടേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റിന്റെ 04.10.2016 ലെ കത്ത്-**

**2016-17 മുതൽ റോഡ് പ്രവൃത്തികൾക്ക് എം.ഒ.ആർ.ഡി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന നിർദ്ദേശംഭേദഗതി ചെയ്ത് പ്രാദേശിക മായി ആവശ്യമുള്ള പ്രദേശങ്ങളിൽ ഡിഎസ്.ആർ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നതിന് അനുവദിക്ക ണമെന്നും ടാർ നേരിട്ട് വാങ്ങി നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ ആവശ്യം സംബന്ധിച്ച്**

പരിഗണിക്കാൻ കഴിയില്ല.

നടപടി .തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ്

**3.13 കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.09.2016 ലെ കത്ത്**

**2016-17 ലെ വാർഷികപദ്ധതി രൂപീകരണത്തിന് 14-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപാധിരഹിതമായി ഉൾപ്പെടുത്തി വാർഷികപദ്ധതി അംഗീകരിക്കുന്നതിന് പ്രത്യേക അനുമതി- സംബന്ധിച്ച്**

പരിഗണിക്കാൻ കഴിയില്ല.

(നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**3.14 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2016 ലെ കത്ത്**

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷികപദ്ധതിയിൽ പട്ടികജാതി കോളനികളിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സായാഹ്ന ക്ലാസുകൾ നടത്തുന്നതിനായി 8**

**ലക്ഷം രൂപ വകയിരുത്തി ഏറ്റെടുത്ത പദ്ധതിയ്ക്ക് അംഗീകാരം സംബന്ധിച്ച്**

അംഗീകരിക്കുന്നു.

(നടപടി .തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**3.15 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.09.2016 ലെ കത്ത്**

**മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിലെ ചോർന്നൊലിക്കുന്ന കെട്ടിടം നവീകരിക്കുന്നതിനും കെട്ടിടം സംരക്ഷിക്കുന്നതിനുമായി ഒന്നാം നിലയിൽ ഒരു ഹാൾ പുതുതായി നിർമ്മിക്കുന്നതിനുമായി രണ്ടു പ്രോജക്ടുകൾ 25 ലക്ഷം രൂപ വകയിരുത്തി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്നതിന് അനുമതി - സംബന്ധിച്ച്**

അംഗീകരിക്കുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**3.16 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.09.2016 ലെ കത്ത്**

**ബ്ലോക്ക് പരിധിയിലെ 189 അംഗൻവാടികളിൽ ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾക്ക് ഉറങ്ങുന്നതിന് ഭാരം കുറഞ്ഞതും മടക്കിവയ്ക്കാവുന്നതുമായ കിടക്ക വാങ്ങുന്നതിന് അനുമതി. - സംബന്ധിച്ച്**

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല എന്നും കുട്ടികൾക്ക് കിടക്ക ലഭ്യമല്ല എന്നും ഉറപ്പാക്കിയതിനുശേഷം പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു

നടപടി .തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്

**3.17 അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 13.07.2016 ലെ കത്ത്**

**അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ടാറ്റാ കോഫീ ലിമിറ്റഡിന്റെ കൈവശത്തിലുള്ള തോട്ടം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ റോഡ്, കുടിവെള്ള വിതരണം എന്നിവയ്ക്കുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി. - സംബന്ധിച്ച്**

എസ്റ്റേറ്റിനുള്ളിൽ കൂടി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തുകയില്ല എന്ന് കമ്പനിയുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.18 ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2016 ലെ കത്ത്**

**മാലിന്യ പരിപാലനം, ഒ ഡി എഫ് എന്നിവ ജലനിധി ഏറ്റെടുത്തതിനാൽ സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി മാറ്റുന്നതിന് ബോധവത്ക്കരണം, പ്രചരണം തുടങ്ങിയവക്കും ബന്ധപ്പെട്ട പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനും മൂന്നും നാലും**

**ഘട്ട പ്രവർത്തനം നടത്തുന്നതിനും വികസനഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി- സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്

**3.19 താന്ന്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

**താന്ന്യം ഗ്രാമപഞ്ചായത്തിൽ 2013-13 ൽ നടപ്പിലാക്കിയ ബയോഗ്യാസ് വിതരണ പദ്ധതിയിൽ 72 പ്ലാൻറുകൾ വിതരണത്തിന് സാങ്കേതിക അനുമതി ലഭിച്ചു എങ്കിലും അധികഫണ്ട് ലഭ്യത കണക്കിലെടുത്ത് 76 പ്ലാന്റുകൾ വിതരണം ചെയ്യുകയുണ്ടായി. സാങ്കേതിക അനുമതി ലഭിക്കാതെ വിതരണം ചെയ്ത 4 എണ്ണത്തിന്റെ വിനിയോഗ സാക്ഷ്യപത്രം അംഗീകരിക്കാതെ തുക തിരിച്ചടയ്ക്കാൻ ശുചിത്വമിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി എസ് കൂടാതെ നാലു പ്ലാന്റുകൾ അധികം വിതരണം ചെയ്ത നടപടി അംഗീകരിക്കുന്നത് സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്

**3.20 ബഹു. വൈദ്യുതിയും ദേവസ്വം വകുപ്പുമന്ത്രിയുടെ 30.09.2016 ലെ കത്ത്**

**സമ്പൂർണ ഭവനവൈദ്യൂതീകരണത്തിനായി വിതരണശൃംഖലയിൽ നിന്നും വെതർപ്രൂഫ് വയർ വഴി വൈദ്യുതി വീടുകളിലെത്തിക്കാനും വീടുകളിൽ വയറിംഗിനും പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്**

നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി പഞ്ചായത്ത് ധനസഹായം നൽകുന്ന വീടുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1)വകുപ്പ്

**3.21 കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.09.2016 ലെ കത്ത്**

**കതിരൂർ ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര ശുചിത്വ പദ്ധതിയുടെ അഞ്ച് വളണ്ടിയർമാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നല്കുന്നത് സംബന്ധിച്ച്**

അനുവദിക്കുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

**3.22 കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.10.2016 ലെ കത്ത് - വികസനഫണ്ട് മറ്റ് അനിവാര്യ ചുമതലകൾക്കു വകയിരുത്തിയതുമൂലം ലഭ്യമല്ലാത്തതിനാൽ 14-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വീട് അറ്റകുറ്റപ്പണിക്കൾക്ക് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

നിരസിച്ചു

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.23 തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2016 ലെ കത്ത്**

**തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തന ങ്ങൾക്കുവേണ്ടി ഒരു വാഹനം വാങ്ങി നല്കാൻ മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സന്നദ്ധമാണ്. ആയതിന് അനുമതി സംബന്ധിച്ച്**

വാഹനം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നൽകേണ്ടതും , വാഹനത്തിന്റെ തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വാഹനം ഉപയോഗിക്കുമ്പോൾ അംഗീകൃത റേറ്റിൽ എച്ച്.എം.സി.ക്ക് പ്രോജക്ടിൽ നിന്ന് വാടക നൽകാവുന്നതാണ്.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**3.24 കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വൈസ് ചെയർമാന്റെ 01.10.2016 ലെ കത്ത്**

**2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ അനുബന്ധം 15 ഖണ്ഡിക 4-6 പ്രകാരം ഖാദി ബോർഡിന്റെ വകുപ്പുതല യൂണിറ്റുകൾക്ക് പദ്ധതിതുക വിനിയോഗിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. സബ്സിഡി വിഹിതം എത്ര എന്നു നിർണയിക്കണമെന്നും അത് 100% ആയി തീരുമാനിക്കണമെന്നത് സംബന്ധിച്ച്**

മാർഗരേഖ 4.6.4 ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡപ്രകാരം ഖാദി യൂണിറ്റുകളുടെ സ്ഥലത്തോ, പഞ്ചായത്ത് സ്ഥലത്തോ വർക്ക് ഷെഡ് കെട്ടുന്നതിന് അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

**3.25 പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

**ഓരോ കച്ചവടസ്ഥാപനങ്ങളിലും ബിന്നുകൾ സ്ഥാപിച്ച് മാലിന്യം അവയിൽ നിന്ന് ശേഖരിച്ച് റീസൈക്ലിംഗ് യൂണിറ്റിൽ എത്തിക്കുന്നതിനുള്ള പ്രോജക്ട് അനുവദിക്കുന്നത് സംബന്ധിച്ച്**

ബിന്നുകൾ സ്ഥാപിക്കുന്നത് കച്ചവട സ്ഥാപനങ്ങൾ ആയിരിക്കണമെന്ന വ്യവസ്ഥയിൽ അംഗീകാരം നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**3.26 ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2016 ലെ കത്ത്**

**പഞ്ചായത്തിന്റെ നിലവിലുള്ള ടാറ്റാ സുമോ ജീപ്പ് പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി കൈമാറുന്നതിനും പഞ്ചായത്തിന്റെ ആവശ്യത്തിന് പുതിയ ജീപ്പ് വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച്**

പാലിയേറ്റീവ് കെയറിന് പുതിയ വാഹനം വാങ്ങുന്നതിനും അത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറുന്നതിനും അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**3.27 കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2016 ലെ കത്ത് കൂടൽ പി.എച്ച്.സി കോംമ്പൗണ്ടിൽ പുതിയ മാതൃ - ശിശു ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിമായി 10 വർഷം പഴക്കമുള്ള കേടുപാടുകൾ ഇല്ലാത്ത ക്വാട്ടേഴ്സ് കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള പ്രത്യേകാനുമതി സംബന്ധിച്ച്**

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.28 ചാത്തന്നൂർ എം.എൽ.എ ജി.എസ്.ജയലാലിന്റെ 24/10/201/ലെ കത്ത്പരവൂർ നഗരസഭയുടെ 2012-13 ലെ ഭവനനിർമ്മാണ പദ്ധയിലെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ച 11 വീടുകളുടെ റവന്യൂറിക്കവറി നടപടികൾ ഒഴിവാക്കുന്നത് പ്രത്യേകാനുമതി സംബന്ധിച്ച്**

നഗരസഭയുടെ അഭിപ്രായം ആരായുവാൻ തീരുമാനിച്ചു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.29 കൊല്ലം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 10/08/2016ലെ നെൽകൃഷി വ്യാപനം ലക്ഷ്യമാക്കി ജില്ലയിലെ 58 ഗ്രാമപഞ്ചായത്തുകളിൽ വ്യാപിപ്പിക്കുകയും ചെയ്യുതോടെ നെല്ല് സംഭരണം, സംസ്കരണം എന്നിവയ്ക്ക് ജില്ലാപഞ്ചായത്തുമായി എം.ഒ.യു യിൽ ഏർപ്പെട്ട സ്ഥാപനങ്ങൾക്ക് ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 30 ശതമാനം തുക മുൻകൂറായി നൽകാനതിനുള്ള അനുമതി- സംബന്ധിച്ച്**

വിശദ വിവരങ്ങൾ സമർപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകി.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.30 തിരുനാവായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**
**2013-14 വർഷത്തിൽ വീടിന് സ്ഥലം ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 3 പേർ പദ്ധതിയുടെ ഭാഗമായി വാങ്ങിയ സ്ഥലത്തിന്റെ ധനസഹായം നൽകിയിട്ടില്ല. പട്ടികജാതിയിൽ പെടുന്ന പ്രസ്തുത ഗുണഭോക്താക്കൾക്കുള്ള ധനസഹായം നൽകുന്നതിന് പ്രത്യേക അനുവാദം- സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.31 വടകര ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2016ലെ കത്ത് 2016-17ൽ ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ കാൻസർ രോഗ നിർണ്ണയം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി- സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്

**3.32 വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2016ലെ കത്ത് വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 1 മുതൽ 7 വരെ ക്ലാസുകളിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള സർഗ്ഗഭേരി എന്ന പദ്ധതിക്കുള്ള അനുമതി സംബന്ധിച്ച്**

അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**3.33 കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 320/ഡി.എ.1/16/തസ്വഭവ)**

സ്പിൽഓവർ ക്രമീകരണം ചെയ്യുന്നതിന് ഐ.കെ.എം.ന് നിർദ്ദേശം നൽകണം.

**3.34 മാവേലിക്കര നഗരസഭ സെക്രട്ടറിയുടെ 3-2128/96 നമ്പർ തീയതി,31.05.2016-ലെ കത്ത് (ഫയൽനം. 131/ഇ.യു.3/16/തസ്വഭവ)**

വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്.

**3.35 ചൊക്ലി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ നിയമ സാക്ഷരത പഞ്ചായത്താക്കി മാറ്റുന്നതിനുള്ള ചെലവ് സംബന്ധിച്ച് (ഫയൽനം.179/എഫ്.എം.2/2016/തസ്വഭവ)**

വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്.

**3.36 ഗുരുവായൂർ നഗരസഭ - മഴപ്പൊലിമ, കിണർ റീ-ചാർജിംഗ് പദ്ധതി എ.പി.എൽ. വിഭാഗങ്ങൾക്കു കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് (നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)**

നാമമാത്ര കർഷകർക്ക് കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.37 ആന്തൂർ നഗരസഭ - പദ്ധതി നിർവഹണം സംബന്ധിച്ച് (ഫയൽ നം. 446/ഡി.സി.3/2016/തസ്വഭവ)**

അംഗീകരിക്കുന്നു.

**3.38 വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 4939/എഫ്.ബി.1/83/GC.DA നമ്പർ തീയതി 30.07.2016-ലെ അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ള അംശാദായ തുക സർക്കാർ ഗ്രാന്റിൽ നിന്നും പിടിച്ച് അതോറിറ്റിയിൽ അടവാക്കുന്നത് സംബന്ധിച്ച് (ഫയൽനം.149/ഐ.എ3/16/തസ്വഭവ)**

തീരുമാനം മാറ്റി വച്ചു.

**3.39 മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സംബന്ധിച് (ഫയൽനം.333/ഡി.എ1/2016/തസ്വഭവ)**

പരാമർശിക്കപ്പെട്ട വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.-

**3.40 കാവാലം ഗ്രാമപഞ്ചായത്ത് - മത്സ്യബന്ധനത്തിനുള്ള വല, വാട്ടർ ടാങ്ക് - തുക വകയിരുത്തുന്നത് സംബന്ധിച്ച്**
**(ഫയൽനം.359/ഡി.എ2/ 16/തസ്വഭവ)**

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ടാങ്കിന്റെ വില 2000 രൂപ എന്ന പരിധിയിൽപ്പെടുത്തി 75% സബ്സിഡി നൽകുന്നതിന് അനുമതി നൽകുന്നു.

**3.41 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽനം.356/ഡി.എ2/2016/തസ്വഭവ)**

മേഖലാ വിഭജനത്തിനും മറ്റ് നിബന്ധനകൾക്കും വിധേയമായി അംഗീകരിക്കുന്നു. ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയതിന് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**3.42 താന്ന്യം ഗ്രാമപഞ്ചായത്ത് - എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് (ഫയൽ നം.861197/ഡി.എ3/2016/തസ്വഭവ)**

നിരസിച്ചു.

**3.43 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് :- സാംസ്കാരിക നിലയം നിർമ്മാണം.**
**(ഫയൽനം. 1160/ഡി.ഡി.2/16തസ്വഭവ)**

നിരസിച്ചു.

**3.44 തൃക്കാക്കര നഗരസഭ -ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഫയർ & റസ്ക്യൂവിന് തുക അനുവദിക്കുന്നത് സം ബന്ധിച്ച്**
**(ഫയൽ നം.644/ഡി.സി.3/2016/തസ്വഭവ)**

നിരസിച്ചു.

**3.45 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് - കുടിവെള്ള പദ്ധതിയുടെ വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതു സംബന്ധിച്ച്**
**(ഫയൽ. നം. 255/എഫ്.എം3/2016/തസ്വഭവ)**

രണ്ട് പഞ്ചായത്തിലെയും ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുള്ളതിന് ആനുപാതികമായി വൈദ്യുതി ചാർജ്ജ് നൽകുന്നതിന് അനുമതി നൽകുന്നു. പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

**3.46 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് - പള്ളിയോടങ്ങൾക്ക് അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്**
**(ഫയൽ നം. 251/എഫ്.എം.1/2016/തസ്വഭവ)**

നിരസിച്ചു.

**3.47 തൃശ്ശൂർ കോർപ്പറേഷൻ - പദ്ധതി രൂപീകരണം സമയം ദീർഘിപ്പിച്ചു നൽകുന്നതു സംബന്ധിച്ച് (ഫയൽനം.329/ഡി.എ1/16/തസ്വഭവ)**

പ്രസക്തമല്ല.

**3.48 കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത് - അജാഗ്രാമം പദ്ധതി സംബന്ധിച്ച്**
**(ഫയൽനം.429/ഡി.എ2/2016/തസ്വഭവ)**

വിശദാംശങ്ങൾ ലഭിച്ചതിനുശേഷം പരിഗണിക്കാൻ തീരുമാനിച്ചു.

**3.49 കാസർഗോഡ് ജില്ലാപഞ്ചായത്ത് - ദേശീയ വികലാംഗ പുനരധിവാസ പദ്ധതി-തുക അനുവദിക്കുന്നത് സംബന്ധിച്ച് (ഫയൽനം.232/ഡി.ബി1//16/തസ്വഭവ)**

നിരസിച്ചു.

**3.50 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്- പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് ധനസഹായം സംബന്ധിച്ച് (ഫയൽ നം.439/ഡി.എ2/2016/തസ്വഭവ)**

കേരളത്തിനു പറത്തുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചു. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം മാത്രം ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചു.

**3.51 ചാലക്കുടി നഗരസഭ – സിത്താര നഗർ ചേരിയിലെ ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റിലെ വർദ്ധനവ് അംഗീകരിക്കുന്നത് സംബന്ധിച്ച് (ഫയൽ നം.380/ഡി.സി.2/2016/തസ്വഭവ)**

വിശദാംശങ്ങൾ ആവശ്യപ്പെടാൻ തീരുമാനിച്ചു.

**3.52 പത്തനാപുരം ഗ്രാമപഞ്ചായത്ത് - ഇൻസിനേറേറ്റർ സ്ഥാപിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**
**(ഫയൽ നം.687//ഡി.സി1/2016/തസ്വഭവ)**

കേന്ദ്ര ഖരമാലിന്യ സംസ്കരണ നിയമത്തിന് വിരുദ്ധമായതിനാൽ ആവശ്യം നിരസിച്ചു.

**3.53 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് - സാംസ്കാരിക കേന്ദ്രത്തിന് കെട്ടിടം പണിയുന്നത് സംബന്ധിച്ച്**
**(തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്)**

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നു.

**3.54 എസ്.സി.പി. ഫണ്ട്- എം.എൽ.എ ഫണ്ട് മുതലായ ഫണ്ടുകൾ മുഖാന്തിരം നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ ആവർത്തന ചെലവ് സംബന്ധിച്ച് ദളിത് ലീഗ് കോഴിക്കോട് ജില്ലാ കമ്മിറ്റി ശ്രീ.വി. ബാബു പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതി മുമ്പാകെ സമർപ്പിച്ച ഹർജി (ഫയൽനം.838305/ഡി.എ1/2016/തസ്വഭവ**

പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ ( എസ്.സി.പി/മെയിന്റനൻസ് ഫണ്ട് ) നിന്നും നൽകാൻ അനുമതി നൽകുന്നു.

**3.55 ജില്ലാ പഞ്ചായത്ത് ഇടുക്കി - കാർഷിക കർമ്മസേന, ഉപകരണങ്ങൽ വാങ്ങൽ -ഡാറ്റാ എൻട്രി കോഡ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽനം.349/ഡി.എ1/2016/തസ്വഭവ)**

കോഡ് അനുവദിച്ചു നൽകുന്നതിന് ഐ.കെ.എംന് നിർദ്ദേശം നൽകി

**3.56 കൊറ്റങ്കര ഗ്രാമപഞ്ചായത്ത് - വാടക കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് (ഫയൽനം.293/ഡി.ബി.2/2016/തസ്വഭവ)**

അനുമതി നൽകുന്നു.

**3.57 ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് - പഞ്ചായത്ത് ഡയറക്ടറുടെ 01.10.2016-ലെ ജെ1-30115/16 നമ്പർ കത്ത് - ജലസേചനത്തോടുകളുടെ ഭിത്തി സംരക്ഷണം സംബന്ധിച്ച് (ഫയൽനം.798689/ഡി.എ2/2016/തസ്വഭവ) )**

മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയിൽ ഗ്രോ ബാഗിന് 75% സബ്സിഡി ( വില 80 രൂപ എന്ന നിരക്കിൽ) നൽകാൻ തീരുമാനിച്ചു. ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് മൂന്നു നഗരസഭകളാൽ ചുറ്റപ്പെട്ട പഞ്ചായത്തായതിനാൽ പ്രസ്തുത പഞ്ചായത്തിന് ഈ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചു.

**3.58 വെള്ളൂർ ഗ്രാമപഞ്ചായത്ത് - കരിമ്പ് കൃഷി - കാർഷിക പദ്ധതി സംബന്ധിച്ച് (ഫയൽനം.355/ഡി.എ1/2016/തസ്വഭവ)**

നിലവിലുള്ള മാനദണ്ഡമനുസരിച്ച് കരിമ്പ് കൃഷി സബ്സിഡി നൽകുന്ന ഇനമായി ഉൾപ്പെടുത്തിയിട്ടില്ല. ഇതിനുള്ള വിശദാംശങ്ങൾ സഹിതം വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു.

**3.59 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് - പദ്ധതി പ്രവർത്തനങ്ങളുടെ അപാകത സംബന്ധിച്ച് (ഫയൽനം.358/ഡി.എ1/2016/തസ്വഭവ)**

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗരേഖകൾ രൂപീകരിക്കുന്ന സമയത്ത് ഇത് പരിഗണിക്കുന്നതാണ്.

**3.60 കതിരൂർ ഗ്രാമപഞ്ചായത്ത് - ചുമർചിത്രഗ്രാമം പദ്ധതി സംബന്ധിച്ച്**

**(ഫയൽനം.360/ഡി.എ1/2016/തസ്വഭവ)**

പ്രോജക്ട് കോഡ് അനുവദിക്കുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തി

**3.61 ഇൻഫർമേഷൻ കേരള മിഷൻ - ഭിന്നശേഷിക്കാരായ വ്യക്തികളുടെ രജിസ്റ്റർ സംബന്ധിച്ച് (ഫയൽനം.340/ഡി.എ1/2016/തസ്വഭവ)**

സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഡേറ്റാ ബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നു. ഡാറ്റാബേസ് മാനേജ്മെന്റ് സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്യേണ്ടതാണ്.

**3.62 മുളക്കുളം ഗ്രാമപഞ്ചായത്ത് - സ്പിൽഓവർ ആയി ഡി.പി.സി. അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച്**

**(ഫയൽനം.353/ഡി.എ1/2016/തസ്വഭവ)**

സ്പിൽഓവർ പദ്ധതികൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കുന്നതിനും 2016-17-ലെ പുതിയ പ്രോജക്ട് നിലവിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**3.63 ഗുരുവായൂർ മുനിസിപ്പാലിറ്റി വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച്**
**(നടപടി തദ്ദേശസ്വയംഭരണ 754/ഡിസി1/16)**

കൂടുതൽ വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി.

**3.64 എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.2016-ലെ കത്ത്-2016-17-ലെ വാർഷിക പദ്ധതിയിൽ നടപ്പിലാക്കുന്ന 'മിനുക്കം'സുസ്ഥിര ശുചിത്വ പദ്ധതിയ്ക്ക് മൂന്നു പേരെ ഹോണറേറിയം വ്യവസ്ഥയിൽ ഏർപ്പാട് ചെയ്യുന്നതിനും 07.09.2016-ലെ 3.19 സി.സി തീരുമാനം അപ്രകാരം ഭേദഗതി ചെയ്യുന്നതിനും അനുമതി.**

അംഗീകാരം നൽകുന്നു

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3.65 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.10.2016-ലെ കത്ത് - സാങ്കേതികാനുമതി സംബന്ധിച്ച്**

മാർഗരേഖ 14.5.6,ഖണ്ഡിക പ്രകാരം സാങ്കേതികാനുമതി നൽകാവുന്നതാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതികാനുമതി നടപ്പിലാക്കുന്നതും ഒരേ ഉദ്യോഗസ്ഥൻ തന്നെ ആയിരിക്കരുത്. 30.09.2016-ലെ ജി.ഒ(ആർ.ടി )നം.2772/2016/തസ്വഭവ സർക്കാർ ഉത്തരവ് ഈ വർഷത്തേയ്ക്ക് നടപ്പാക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3.66 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച ശുപാർശകൾ**

**(നടപടി തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്)**

**1)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നൽകുന്നതിനുള്ള പ്രവൃത്തിയുടെ മൂല്യം നിലവിലുള്ള 15 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു. കരാറുകാർ ടാർ വാങ്ങുകയാണെങ്കിൽ കർശനമായി ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണ്.

**2)** സർവീസ് ടാക്സ് - സർവീസ് ടാക്സ് സംബന്ധിച്ച നിർദ്ദേശങ്ങളിൽ കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്ത് വ്യക്തത വരുത്തുന്നതിന് ചീഫ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രവൃത്തികൾക്ക് സർവീസ് ടാക്സ് നൽകേണ്ടതുണ്ടെങ്കിൽ വർഷാവസാനം ഒറ്റ പ്രോജക്ട് വച്ച് അതിനാവശ്യമായ തുക കണ്ടെത്തേണ്ടതാണ്.

**3)** MORD Specifications അനുസരിച്ച് 5 വർഷത്തെ ഗാരണ്ടിയോടു കൂടി റോഡ് പ്രവൃത്തി ചെയ്യുന്നതിന് വേണ്ടി വരാവുന്ന തുകയും നിലവിലുള്ള രീതിയിൽ ഗാരണ്ടി കൂടാതെ ചെയ്യുന്ന പ്രവൃത്തികൾക്ക് വർഷംതോറുമുള്ള അറ്റകുറ്റപ്പണികൾക്ക് വേണ്ടി വന്ന തുകയും താരതമ്യപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**യോഗം 3.45 PM-ന് അവസാനിച്ചു.**

## 26.10.16-ന് കൂടിയ കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തവർ

1. ശ്രീ. പി.കെ. മോഹനൻ (ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, CRD)
2. ശ്രീ. കെ.എൻ.ഹരിലാൽ, ചെയർമാൻ, SRG.
3. ശ്രീ ഗീതാകൃഷ്ണൻ.കെ. AEE, Office of the CE, LSGD.
4. ശ്രീ. ജാഫർ.എ.എം (ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപാർട്ട്മെന്റ്)
5. ശ്രീ.രഘുരാമൻ, സെക്രട്ടറി, ഗുരുവായൂർ മുനിസിപ്പാലിറ്റി
6. ശ്രീ. സജികുമാർ .പി.ആർ (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)
7. ശ്രീമതി. ലിഷ മോഹൻ.എം.( എ.ഡി.സി, സി.ആർ.ഡി)
8. ശ്രീമതി.പി.ജെ ആമിന. പി.വി. ( സി.പി.ഒ, എസ്.സി.ഡി.ഡി)
9. ശ്രീ.എച്ച്. ഷാജി (കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, തദ്ദേശമിത്രം (കെ.എൽ.ജി.എസ്.ഡി.പി)
10. ഡോ. കെ. വാസുകി (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ)
11. ശ്രീ. എസ്. ദിവാകരൻ പിള്ള (എസ്.പി.എ.ഒ)
12. ശ്രീമതി. എൻ പ്രസന്ന കുമാരി (ചീഫ്, ഡി.പി.ഡി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
13. ശ്രീ. എസ്.ഹരി കിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
14. ശ്രീ. വി.രതീശൻ, ഡയറക്ടർ, പഞ്ചായത്ത്.
15. ശ്രീ. സി.വി.ജോയി, (ഡയറക്ടർ, (ഓപ്പറേഷൻ)ശുചിത്വ മിഷൻ)
16. ശ്രീമതി. മിനി പി.എ., (എ.എ, ഡി.യു.എ)
17. ശ്രീ.റ്റി.പി.വിജയകുമാർ, (സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
18. ശ്രീ. എ.കെ.മോഹനകുമാർ (ജോയിൻറ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
19. ശ്രീമതി. എം.എസ്. ചിത്ര (അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)